**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **19-01-2021 - ൽ മറുപടിയ്ക്ക്**

**ശ്രീശങ്കരാചാര്യ, മലയാള സർവ്വകലാശാലകളിലെ ഗവേഷണ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സോഷ്യൽ വർക്കിൽ ഗവേഷണ പഠനത്തിന് നാളിതുവരെ രജിസ്റ്റർ ചെയ്തവരുടെ പേരുകൾ വ്യക്തമാക്കാമോ; ഇവരിൽ ആരുടെയൊക്കെ രജിസ്ട്രേഷൻ ആണ് റദ്ദായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 1. അബിൻ മാത്യു 2. ഉമേഷ് ഉണ്ണിക്കൃഷ്ണൻ 3. ഷിഞ്ചു കുര്യൻ 4. ഉമാദേവി കെ. 5. ദർശിനി ഷിബു 6. അരുൺ പോൾ 7. അബ്ദുൾ കരീം സി. 8. ടെസ് ല ജസിൽ ഇ. 9. കിരൺ ചന്ദ്രൻ ആർ.എസ്. 10. ജെസ് ലി ജേക്കബ് 11. വിവേക് കുമാരൻ 12. ജാസ്മിൻ ജോർജ്ജ് ഇവരിൽ ആരും രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടില്ല. |
| (ബി) | രജിസ്ട്രേഷൻ റദ്ദായിട്ടുള്ള ഓരോരുത്തരുടെയും പുനർരജിസ്ട്രേഷന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടില്ലാത്തതിനാൽ പുനർ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല. |
| (സി) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ തദ്ദേശവികസന പഠനം, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഗവേഷണപഠനത്തിന് വേണ്ട അടിസ്ഥാന വിദ്യാഭ്യാസയോഗ്യത എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാ ശാലയിൽ സോഷ്യോളജി വിഭാഗത്തിൽ ഗവേഷണ പഠനത്തിന് സോഷ്യോളജി വിഷയത്തിൽ 55% മാർക്കോടു കൂടിയുള്ള എം.എ. അടിസ്ഥാന യോഗ്യതയാണ്. തദ്ദേശ വികസന പഠനത്തിന് 55% മാർക്കോടു കൂടിയുള്ള എം.എ. തദ്ദേശ വികസന പഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡെവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡെവലപ്മെന്റ് എന്നിവയാണ് യോഗ്യതകൾ. |
| (ഡി) | സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) ഇവയുടെ അടിസ്ഥാന യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | പ്രൊപ്പോസൽ ലഭിച്ചിട്ടില്ല |
| (ഇ) | സമാന പഠനശാഖയിൽ ഉൾപ്പെടുന്നതിനാൽ സോഷ്യൽ വർക്ക് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം തദ്ദേശ വികസനപഠനം, സോഷ്യോളജി എന്നിവയിൽ ഗവേഷണത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | സോഷ്യൽ വർക്ക് വിഷയത്തിലുള്ള ബിരുദാ നന്തര ബിരുദം തദ്ദേശ വികസന പഠനം, സോഷ്യോളജി എന്നിവയിൽ ഗവേഷണത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനു പഠനബോർഡിന്റെയും പണ്ഡിതസഭയുടെയും |

| | | | |
|---|---|---|---|
| | | | നിർവാഹക സമിതിയുടെയും അംഗീകാരം ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ